ടുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ജനറേറർ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച സ്കീം ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ന്റെ അംഗീകാരത്തിനായി സമർപ്പിച്ചത് അംഗീകരിച്ചിതുവരെയും കിട്ടിയിട്ടില്ല. 1954-ൽ സ്ഥാപിച്ച മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനും ഈ ജോലിയോടൊപ്പ സ്റ്റാൻ ഡേർഡൈസ് ചെയ്യണം എന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ് ആവശ്യ പ്പെട്ടിട്ടുണ്ട്. ഇതുകൂടാതെതന്നെ 1984-85 സാമ്പത്തിക വർഷത്തിൽ ആവശ്യ മായ ലാറർ ഓഫ് ക്രെഡിറ് ലഭ്യമാകാത്തതുകൊണ്ടും വർഷാവസാനം പ്രയ്മെൻറ് ബാൻ (Payment ban) വന്നതും 1985-86-ൽ ബഡ്ജറ് പ്രൊവിഷൻ ഇല്ലാതിരുന്നതുകൊണ്ടും മേൽ ജോലിക്ക് കാലതാമസം നേരിട്ടു. കഴിയുന്നതും വേഗം ജനറേറർ പ്രവർത്തിപ്പിക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

താലൂക്ക് ആശുപത്രികളിലെ പ്രവർത്തിക്കാത്ത എക്സ്റേ യൂണിറുകൾ

463. [577] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്തെല്ലാം താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിലെ എക്സ്റേ യൂണിറുകളാണ് പ്രവർത്തിക്കാത്തത് എന്ന് വെളിപ്പെടുത്താമോ ;

(ബി) എക്സ്റേ യൂണിറ് ഇല്ലാത്ത താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ടെലഫോൺ തകരാറുമൂലം നേരിട്ടു വിവരം ശേഖരിക്കാൻ പ്രയാസമായിരിക്കുന്നു. മറുവഴി വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

കോഴിക്കോട് ഡെൻറൽ കോളേജ്

464. [578] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡെൻറൽ കോളേജ് എന്നുമുതലാണ് പ്രവർത്തനം തുടങ്ങിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോഴത്തെ പ്രസ്തുത കോളേജിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്നു വ്യക്തമാക്കാമോ ;

(സി) ഈ കോളേജ് പ്രവർത്തനം പൂർണ്ണമായി നടത്തണമെങ്കിൽ ഇനിയും ഏതെല്ലാം തസ്തികകളും സൗകര്യങ്ങളും ഉണ്ടാക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇതു സംബന്ധിച്ച് പ്രിൻസിപ്പാളിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇപ്പോഴത്തെ ഏതെല്ലാം ഒഴിവുകളിലാണ് പ്രസ്തുത കോളേജിൽ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 1982 ജനുവരി മുതൽ.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.
അനുബന്ധമായി ചേർത്തിരിക്കുന്ന †

(സി) ഓറൽ പത്തോളജിയിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറുടെയും, പെരിഡോൺടിക്സ്, ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി, കൺസർവേറ്റീവ് ഡന്റിസ്ട്രി, പെഡോഡോൺറ്റിക്സ് എന്നീ വിഷയങ്ങളിൽ ഓരോ പ്രൊഫസർമാരുടേയും തസ്തികകൾ കൂടി വേണ്ടിവരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) ഒരു ട്യൂട്ടറുടെ.

നേഴ്സുമാരുടെ സ്ഥലംമാറ്റം

465. [579] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നേഴ്സുമാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതു മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ മാനദണ്ഡത്തിന് വ്യത്യാസമായി ഈ വർഷം ഏതെങ്കിലും നേഴ്സുമാരെ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രപേരെ ; അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

† അനുബന്ധം—XII

LIBRARY ARCHIVES Kerala Legislative Assembly

(1)			(2)
12	മണ്ണാർക്കാട്	—	7
13	പാലക്കാട്	—	4
14	ഏറനാട്	—	7
15	കോഴിക്കോട്	—	4
16	കൊയിലാണ്ടി	—	6
17	വടകര	—	6
18	തലശ്ശേരി	—	4
19	തളിപ്പറമ്പ്	—	4
20	ഹോസ്ദുർഗ്	—	6
21	വൈത്തിരി	—	4
22	സുൽത്താൻബത്തേരി	—	1
23	ചിറ്റൂർ	—	2
24	മുകുന്ദപുരം	—	2
25	കൊട്ടാരക്കര	—	6
26	കോഴഞ്ചേരി	—	2
	ആകെ	—	139

അനുബന്ധം—XII

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (578) കാണുക

1.	ഓർത്തോഡോൾടിക്സ്	
	ഡയറക്ടർ ആൻഡ് പ്രൊഫസർ	1
	അസിസ്റ്റൻറ് പ്രൊഫസർ	1
	ട്യൂട്ടർ	1
2.	പ്രോസ്തോഡോൻടിക്സ്	
	പ്രൊഫസർ	1
	അസിസ്റ്റൻറ് പ്രൊഫസർ	1
	ട്യൂട്ടർ	2
3.	ഓറൽ പത്തോളജി	
	അസിസ്റ്റൻറ് പ്രൊഫസർ	1
	ട്യൂട്ടർ	2
4.	ഓറൽ മെഡിസിൻ ആൻഡ് റേഡിയോളജി	
	അസിസ്റ്റൻറ് പ്രൊഫസർ	1
	ട്യൂട്ടർ	1
5.	പെരിയോഡോൻടിക്സ്	
	അസിസ്റ്റൻറ് പ്രൊഫസർ	1
	ട്യൂട്ടർ	2
6.	ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി	
	അസിസ്റ്റൻറ് പ്രൊഫസർ	1
7.	കൺസർവേറ്റീവ് ഡൻറിസ്ട്രി	
	ട്യൂട്ടർ	3
8.	പെഡോഡോൻറിക്സ്	
	ട്യൂട്ടർ	1

LIBRARY ARCHIVES Kerala Legislative Assembly